# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.7/835/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 17/09/2025
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇമെയിൽ വഴി)
2)ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്,കാസറഗോഡ്.

**3)കാര്യാലയ പകർപ്പ്.**

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.7/835/2025 തീയ്യതി: 17/09/2025

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-07-2025 | 09-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-07-2025 | 09-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ശ്രീ. വിനോദ്കുമാർ വി,ഓഡിറ്റ് ഓഫീസർ

2)ശ്രീ.സുനിൽകുമാർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3)ശ്രീ.ജനാർദ്ദനൻ സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

4)ശ്രീമതി.സുജിത പി കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സിജി മാത്യു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.മൃദുല കെ | സെക്രട്ടറി | 01-04-2024 | 17-01-2025 |
| ശ്രീ.മജീദ് എൻ എ | സെക്രട്ടറി-ഇൻ -ചാർ ജ്ജ് | 18-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ഷമീമ തൻവീർ എ. എസ് | മെഡിക്കൽ ഓഫീസർ സി എച്ച് സി,മുളിയാർ | 01-04-2024 | 31-03-2025 |
| ഡോ.കൃപേഷ്.എം വി | മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി,ബേഡഡുക്ക | 01-04-2024 | 31-03-2025 |
| ശ്രീ.സത്യചന്ദ്രൻ പി എം | പട്ടിക ജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.വീരേന്ദ്രകുമാർ കെ | പട്ടിക വർഗ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സുധ എസ് | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 01-04-2024 | 02-05-2024 |
| ശ്രീമതി.വിനോദിനി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 03-05-2024 | 30-12-2024 |
| ശ്രീമതി.ഷീന കെ വി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 31-12-2024 | 31-03-2025 |
| ശ്രീ.ഉമേഷ് കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ശാലിനി കെ | ക്ഷീര വികസന ഓഫീസർ | 01-04-2024 | 31-07-2024 |
| ശ്രീ.മനോഹരൻ വി | ക്ഷീര വികസന ഓഫീസർ | 01-08-2024 | 31-03-2025 |
| ശ്രീ.ജയരാജൻ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.രജീഷ് ബി കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ലതിക പി വി | ശിശു വികസന പദ്ധതി ഓഫീസർ കാറഡുക്ക | 01-04-2024 | 10-07-2024 |
| ശ്രീമതി.ശ്രീജ വി | ശിശു വികസന പദ്ധതി ഓഫീസർ കാറഡുക്ക | 11-07-2024 | 31-03-2025 |
| ശ്രീമതി.രജനി | ശിശു വികസന പദ്ധതി | 01-04-2024 | 17-07-2024 |

| | | | |
|---|---|---|---|
| | ഓഫീസർ കുറ്റിക്കോൽ അഡീഷണൽ | | |
| ശ്രീമതി.ബിന്ദു ടി എം | ശിശു വികസന പദ്ധതി ഓഫീസർ കുറ്റിക്കോൽ അഡീഷണൽ | 18-07-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പ® |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | വർഷങ്ങളായി ആവർത്തിച്ച വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല | 1-1-3 |
| 5 | PMAY പദ്ധതിയുടെ കേന്ദ്ര ഫണ്ട് ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-4 |
| 6 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അഡ്വാൻസ്, ഡെപ്പോസിറ്റ് | 1-1-6 |
| 8 | ബാദ്ധ്യതകൾ / ആസ്തികൾ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-7 |
| 9 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്ബുക്കുകൾ ഹാജരാക്കിയിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം-2024-25 | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 17 | എച്ച്.എം.സി - വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-9 |
| 18 | വാടക പിരിവ് - അപാകതകൾ | 1-10 |
| 19 | പി.എം.എ.വൈ. ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-11 |
| 20 | പി.എം.എ.വൈ. ആവാസ് പ്ലസ് - കേന്ദ്ര വിഹിതം ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-12 |
| 21 | തനത് ഫണ്ട്-ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-13 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 23 | കേരളോത്സവം അധികം ചെലവഴിച്ച 75,940 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകളും. | 1-15 |
| 24 | സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റലിന് ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |

| | | |
|---|---|---|
| 25 | ഐ കെ എം ന് വിഹിതം നൽകൽ - 58,083/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 26 | വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല-2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 27 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവ പ്രകാരവും, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.06.2025 ലെ 4(1)/2025 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 06.06.2025 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 ലെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

.09.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-3 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല**

1. ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ 310900101- Excess Of Income Over Expenditure എന്ന കണക്കിൽ 1,00,66,552 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2025 ലെ ബാലൻസ് (Gross Balance Being Surplus Or Deficit Carried Over To Balance Sheet) 13,02,244രൂപയാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

2024-25 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities 1,27,87,655 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 1,28,65,433രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ച് വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-4 PMAY പദ്ധതിയുടെ കേന്ദ്ര ഫണ്ട് ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.**

PMAY പദ്ധതിക്കായി കേന്ദ്ര ഫണ്ട് PFMS വഴി ചെലവ് ചെയ്തത് അക്കൗണ്ട് ചെയ്തിട്ടില്ല. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | തുക |
|---|---|---|
| 1 | 4-PMAY ജനറൽ | 331 ഗുണഭോക്താക്കൾക്ക് 48,000 രൂപ വീതം ആകെ- 1,58,88,000 രൂപ |

| | | |
|---|---|---|
| 2 | 56-PMAY SC | 20 ഗുണഭോക്താക്കൾക്ക് 48,000 രൂപ വീതം ആകെ- 9,60,000 രൂപ |
| 3 | 57- PMAY- ST | 106 ഗുണഭോക്താക്കൾക്ക് 48,000 രൂപ വീതം ആകെ- 50,88,000 രൂപ |
| | | **ആകെ- 2,19,36,000 രൂപ** |

മേൽ വിവരിച്ച പ്രകാരം 2.19 കോടി രൂപയുടെ വരുമാനവും ചെലവും PMAY പദ്ധതിയിൽ പഞ്ചായത്ത് നടത്തിയിട്ടുണ്ടെങ്കിലും ഈ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-5 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട്- 002201 ൽ 31.03.2025 ന് നീക്കിയിരിപ്പില്ല. എന്നാൽ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച കോൺട്രിബ്യൂഷനുകളിൽ നീക്കിയിരിപ്പുള്ളത് ചുവടെ ചേർത്ത പ്രകാരം 88,16,103 രൂപയാണ്. ഈ തുകകൾ ഏതൊക്കെ പ്രൊജക്ടുകൾക്ക് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതാണ് എന്നും ഏത് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| 320700103 | Contributions For Joint Venture Projects (For Capital Expenditure) From Village Panchayats | 5,00,000 |
| 320700203 | Contributions For Joint Venture Projects (For Revenue Expenditure) From Village Panchayats | 39,05,992 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayats | 29,750 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayats | 43,80,361 |
| | | **88,16,103** |

**1-1-6 അഡ്വാൻസ്, ഡെപ്പോസിറ്റ്**

**എ) ഡെപ്പോസിറ്റ് ലഭിച്ചത്**

31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 3,94,304 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല. അതിനാൽത്തന്നെ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഉദാഹരണത്തിന് 340100301- Contractors Retention എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 3,62,964 രൂപ ഏതൊക്കെ കരാറുകാരിൽ നിന്ന് എന്ന് കൈപ്പറ്റിയതാണ് എന്ന വിവരങ്ങൾ രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല.

**ബി) ഡെപ്പോസിറ്റ്/അഡ്വാൻസ് നൽകിയത്**

31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 28,28,403 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ, ഡെപ്പോസിറ്റ്/അഡ്വാൻസ് രജിസ്റ്റർ എഴുതിയിട്ടില്ല. അതിനാൽത്തന്നെ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റ്/അഡ്വാൻസുകളുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഉദാഹരണത്തിന് 31.03.2025 ന് 460509901- Advance To Others എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 27,92,523 രൂപ ആർക്കൊക്കെ നൽകിയതാണ് എന്ന വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

### 1-1-7 ബാദ്ധ്യതകൾ / ആസ്തികൾ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ചുവടെ ചേർത്ത ആസ്തികളുടെയും ബാദ്ധ്യതകളുടെയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 31.03.2025 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈ ആസ്തികളുടെയും ബാദ്ധ്യതകളുടെയും കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| കോഡ് | ഫണ്ട് | തുക | റിമാർക്സ് |
|---|---|---|---|
| 320100110 | Centrally Sponsored Scheme- Indira Awas Yojana (IAY) -General | 6,90,243 | IAY പദ്ധതികളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.<br>450410101-Canara Bank IAY Plan- 12054- 85,30,011 രൂപ<br>450420103- KGB IAY Refund-3986- 14,68,781 രൂപ<br>450420104- KGB IAY Stateshare- 4230- 39,73,198 രൂപ.<br>ആകെ- 1,39,71,990<br>Centrally Sponsored Scheme- Indira Awas Yojana (IAY) -General എന്ന ഹെഡിൽ 6,90,243 രൂപ മാത്രമേ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4 ൽ ഉൾപ്പെട്ടിട്ടുള്ളൂ. ബാക്കി തുകകൾ മറ്റു ഹെഡുകളിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ ബാദ്ധ്യതയായി ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 320100118 | Centrally Sponsored Scheme- Integrated Watershed Management Programme (IWMP) | 4,000 | ഈ തുകകൾ മുന്നിരിപ്പ് തുകകളാണ്. തുകകൾ എന്ത് ആവശ്യങ്ങൾക്ക് ലഭിച്ചവയാണെന്നും ഏതു അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 320100199 | Centrally Sponsored | 59,051 | |

| | | | |
|---|---|---|---|
| | Schemes- Grants, Funds & Contributions For Specific Purposes – Central Governmen | | |
| 320200301 | Grants, Funds & Contributions For Specific Purposes. Other Than Development Fund And State Sponsored | 31,000 | |
| 320100299 | Grants, Funds & Contributions For Specific Purposes -Other Central Government Grants Other Grants | 35,58,010 | ഈ ഹെഡിന്റെ ലെഡ്ജറിൽ റസീറ്റ് വൗച്ചർ നം. 124030900040/31.03.2025 പ്രകാരം 9,472 രൂപ വരവ് കാണിച്ചിട്ടുണ്ട്. ഈത്തരമൊരു വരവ് ബാങ്ക് അക്കൗണ്ടിൽ ഇല്ല. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>ജേണൽ വൗച്ചർ നം. 42400137/31.03.2025 പ്രകാരം 160100799- Other Revenue Grants എന്ന കണക്കിൽ 2,94,212 രൂപ വരുമാനം രേഖപ്പെടു ത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ വരുമാനം 2,84,740 രൂപ മാത്രമാണ്. 9,472 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല. |
| 320200399 | Grants, Funds & Contributions For Specific Purposes. Other Than Development Fund And State Sponsore | 35,93,979 | ഇതിൽ 34,07,693 രൂപയും 01.04.2020 മുതൽ മുന്നിരിപ്പാണ്. അതിനു ശേഷം ചില ബാങ്ക് അക്കൗണ്ടുകളിൽ വന്ന പലിശയാണ് വരവായി കാണിച്ചിട്ടുള്ളത്. (അക്കൗണ്ട് വിശദമാക്കിയിട്ടില്ല). 2024-25 ൽ ഈ ഹെഡിൽ ഇടപാടുകൾ ഇല്ല. മുന്നിരിപ്പിന്റെയും ഈ കണക്കിൽ വരവ് കാണിച്ച തുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 320300199 | Grants, Funds & Contributions For Specific Purposes. Other Government | 1,45,787 | ഈ ഹെഡിലെ മുന്നിരിപ്പ് തുക 1,44,103 രൂപയാണ്. KGB-4106 (AABY/JBY Scholarship) അക്കൗണ്ടിൽ 2024-25 ൽ വരവ് വന്ന പലിശ 1,684 രൂപയും ഈ ഹെഡിൽ വരവ് ചേർത്തിട്ടുണ്ട്. മുന്നിരിപ്പ് തുകയുടെ |

| | | | |
|---|---|---|---|
| | Agencies | | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 320800202 | Donations Related To Pandemic/ Epidemic Control | 4,218 | തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200301 | Recoveries Payable - COVID | 1,13,800 | ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350300103 | Government And Other Dues Payable Value Added Tax | 1,280.00 | ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350300106 | Government And Other Dues Payable - Revenue Recovery | 17,225.00 | ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350409901 | Refunds Payable Others | 2,69,751 | മുന്നിരിപ്പ് തുകയായ 2,29,483 രൂപയും തൻവർഷം റീഫണ്ടിനത്തിൽ ലഭിച്ച 40,268 രൂപയുമടക്കമുള്ള തുകയാണ് ഇത്. തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350800119 | Liability For Programme/ Scheme Expenditure | 5,39,905 | ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയാണ്. ഈ തുകയുടെ വിശദാംശങ്ങളും ബാദ്ധ്യതയായി നിലനിർത്തുന്നതിനുള്ള കാരണങ്ങളും വ്യക്തമാക്കി യിട്ടില്ല. |
| 350800199 | Other Creditors | 1,06,76,040 | ഈ ഹെഡിലെ 01.04.2020 ലെ മുന്നിരിപ്പ് 1,03,14,658 രൂപയാണ്. അതിനു ശേഷം ചില ബാങ്ക് അക്കൗണ്ടുകളിൽ വന്ന പലിശയാണ് വരവായി കാണിച്ചിട്ടുള്ളത്. (അക്കൗണ്ട് വിശദമാക്കിയിട്ടില്ല). മുന്നിരിപ്പ് തുകയുടെയും പലിശ വരവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ ഹെഡിൽ രേഖപ്പെടുത്തിയ 2,553 രൂപയുടെ രശീതി വൗച്ചർ നം. 124030900003/21.11.2024, പേമെന്റ് വൗച്ചർ നം. 22400528/01.03.2025 എന്നിവയുടെ വിശദ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. |
| 350800299 | Other Liabilities | 2,48,494 | ഈ തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 412010101 | Capital Work In Progress | 18,61,300 | ഈ ഹെഡിൽ മുന്നിരിപ്പുണ്ടായിരുന്ന 14,40,046 രൂപയുടെയും തൻവർഷം രേഖപ്പെടുത്തിയതും ഫൈനൽബിൽ നൽകിയതിനെത്തുടർന്ന് അതാത് ആസ്തി ഹെഡിലേക്ക് മാറ്റിയ തുകകളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 431600199 | Receivables From Govt- Resumption Amount | 1,15,47,004 | സർക്കാരിൽ നിന്നും തിരികെ ലഭിക്കാൻ ബാക്കിയുള്ളതായി വർഷാരംഭത്തിൽ ഉള്ള 1,23,48,965 രൂപ ഏത് അക്കൗണ്ടിൽ നിന്നും എന്ന് സർക്കാർ തിരിച്ചെടുത്ത തുകകളാണ് എന്ന വിവരങ്ങളും ഈ തുകകൾ തിരികെ ലഭിക്കാത്തതിനുള്ള കാരണങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. വിവരങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്. |

**1-1-8 ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്ബുക്കുകൾ ഹാജരാക്കിയിട്ടില്ല.**

ബ്ലോക്ക് പഞ്ചായത്ത് വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ 40(b) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് പൂജ്യമായി ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷനുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ ആവ്ശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1)Treasury - Own Fund-VPFA-I/BPFA -I/DPFA-I

2)Treasury TSB A/C

3)Treasury Account - COVID

4)Nationalised Bank - Special Funds_2

5)Syndicate Bank IWMP37418

6)Special Fund 4 Corporation Bank

7)KeralaGraminBank-IAY-ADMN-3704

8)KGB SIGS 3962

9)Bedadka FSCB IAY-LOAN

10)Kuttikol SCB-IAYLOAN 5696

11)Treasury - TSB NABARD 0057

12)DT Kasaragod-Joint Venture (A/C.0187)

13)Treasury - Special Funds_9

14)Syndicate-IAY CENTRAL

15)SYNDICATE BANK_SGSY

16)IDBI Bank-4347

17)KGBankTSC-0556

18)KGBANK TSC IEC-3725

19) BPFA-11

20) BPFA-III

21) VPFA-IV-CFC-Award Grant

22) BPFA-III_4

23) BPFA-III_5

24)Treasury Special TSB - Joint Venture 002201

(ഓഡിറ്റ് എൻക്വയറി നം.10/08.07.2025)

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1 ; തിയതി 07.02.2024 | 1 ; തിയതി 24.02.2025 |
| മുന്നിരിപ്പ് | 27,25,374 | 41,49,888 |
| വരവ് | 47,46,50,400 | 33,33,88,210 |
| ആകെ | 47,73,75,774 | 33,75,38,098 |
| ചെലവ് | 47,23,22,200 | 33,35,36,176 |
| നീക്കിയിരിപ്പ് | 50,53,574 | 40,01,922 |

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ രസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| വർഷം | 2024-25 |
|---|---|
| മുന്നിരിപ്പ് | 2,48,95,327 |
| വരവ് | 11,39,87,175 |
| ആകെ | 13,88,82,502 |
| ചെലവ് | 10,11,21,742 |
| നീക്കിയിരിപ്പ് | 3,77,60,760 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,69,21,000 | 2,69,21,000 | 2,41,66,386 | | 27,54,614 |
| വികസനഫണ്ട് എസ്.സി.എസ്.പി. | 0 | 1,04,79,000 | 1,04,79,000 | 97,30,746 | | 7,48,254 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 93,46,000 | 93,46,000 | 93,46,000 | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 17,34,429 | 45,35,452 +3,65,962 | 66,35,843 | 30,72,471 | 35,63,372 | |
| | ട്രഷറി | | 1,500 | 1,500 | 1,500 | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 66,75,607 | 1,00,14,500 | 1,66,90,107 | 22,49,015 | 1,44,41,092 | |
| | ട്രഷറി | | 28,41,677 | 28,41,677 | 15,85,036 | | 12,56,641 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 99,58,000 | 99,58,000 | 65,99,011 | | 33,58,989 |
| 320700105-സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | | 43,80,361 | 1,92,42,207 | 2,36,22,568 | 1,92,42,207 | 43,80,361 | |
| സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക | | 44,05,992 | 99,13,755 | 1,43,19,747 | 99,13,755 | 44,05,992 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 0 | 12,11,869 | 12,11,869 | 11,72,050 | 39,818 | |
| IAY/PMAY | | | | | | | |
| 1 | 450410101-Canara Bank IAY Plan- 12094-രൂപ | 83,23,298 | 2,81,713 | 86,05,011 | 75,000 | 85,30,011 | |
| 2 | 450420103- KGB IAY Refund-3986 | 14,28,053 | 40,728 | 14,68,781 | 0 | 14,68,781 | |
| 3 | 450420104- KGB IAY Stateshare-4230 | 38,63,027 | 1,10,171 | 39,73,198 | 0 | 39,73,198 | |
| IWMP | | 4,000 | 0 | 4,000 | 0 | 4,000 | |
| 320100199-Central Govt Grant | | 59,051 | 0 | 59,051 | 0 | 59,051 | |
| 320200301-Grants Other Than Development Fund | | 31,000 | 0 | 31,000 | 0 | 31,000 | |
| 320100299 ഹെൽത്ത് ഗ്രാന്റ്- | | 9,35,811 | 29,06,939 | 38,42,750 | 2,84,740 | 35,58,010 | |
| മറ്റുള്ളവ | | | | | | | |
| MP LAD ഫണ്ട്- റിക്കവറീസ്- കാനറാ ബാങ്ക്- 9370 | | 8,093 | 2,02,859 | 2,10,952 | 2,02,533 | 8,419 | |
| 320200399- Grants Other Than Development Fund | | 35,93,979 | | 35,93,979 | | 35,93,979 | |
| 320300199- Other Govt | | 1,44,103 | 1,684 | 1,45,787 | | 1,45,787 | |

| Agencies | | | | | | |
|---|---|---|---|---|---|---|

*ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 79,17,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൽ നിന്നും 30.03.2025 ന് 39,99,888രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

## 1-5 പദ്ധതി അവലോകനം-2024-25

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 279667868 | 120 | 90749656 | 0 | 42 | 74.07 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 37 | 195226535 | 27 | 40431065 | 20.70 |
| 2 | അസി.എക്സി.എഞ്ചിനിയർ | 1 | 7700000 | 1 | 4238752 | 55.04 |
| 3 | അസി.എഞ്ചിനിയർ | 80 | 44177749 | 53 | 22453716 | 50.82 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 7 | 3033590 | 6 | 2083373 | 68.67 |
| 5 | പട്ടികജാതി വികസന ഓഫീസർ | 4 | 2082000 | 4 | 1648272 | 79.16 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 23 | 19476994 | 20 | 12905880 | 66.26 |
| 7 | പട്ടികവർഗ്ഗ വികസന ഓഫീസർ | 2 | 2260000 | 2 | 1694920 | 74.99 |

| | | | | | | |
|---|---|---|---|---|---|---|
| 8 | വ്യവസായ വികസന ഓഫീസർ | 2 | 1800000 | 1 | 1425000 | 79.16 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1911000 | 2 | 1902595 | 99.56 |
| 10 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 4 | 2000000 | 4 | 1966083 | 98.30 |
| | ആകെ | 162 | 279667868 | 120 | 90749656 | 32.44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 12,11,868 | 12,11,868 | 11,72,050 | 39,818 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.07.2025ന് 3.PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗ സ്ഥനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ്/ നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരു ത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം 10 തവണ ജീവനക്കാരുടെ യോഗം ചേർന്നിട്ടുണ്ട്, ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

2) നിലവിൽ ഭരണ സമിതി മിനിട്സും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സുകളും സകർമ്മാ സോഫ്റ്റ് വെയറിലാണ് സൂക്ഷിക്കുന്നത്. സകർമ്മ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി യോഗ മിനിട്സ് പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ഓഡിറ്റ് വർഷം ഭരണസമിതി 21 തവണ യോഗം ചേർന്നിട്ടുണ്ട്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 13 തവണയും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 11 തവണയും, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10 തവണയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്.

4) ഓഡിറ്റ് വർഷം പ്രൊക്യൂർമെന്റ് സമിതി 3 തവണ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടത്തേണ്ട

സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി, കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയല്ല വാങ്ങൽ നടപടികൾ നടത്തുന്നത്. സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർമെന്റ് പ്ലാൻ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) സ്ഥാപനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ഇക്കാരണത്താൽ വിവിധ നിക്ഷേപ തുകയുടെ വിനിയോഗ വിവരങ്ങളും ക്രമീകരണ വിവരങ്ങളും നിരീക്ഷിക്കൽ സ്ഥാപനത്തിലെ ജീവനക്കാർക്ക് പോലും ശ്രമകരമാണ്.

6) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

7) വരവ്-ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

8) തനതു വരുമാനസ്രോതസായ വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല. കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും, പദ്ധതി നടത്തിപ്പ് പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണം മൂലം പല പദ്ധതികളുടേയും ബില്ലുകൾ മാറാൻ സാധിക്കാത്തതിനാൽ പദ്ധതി ചെലവ് ശതമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

10) വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്.

11) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

12) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 എച്ച്.എം.സി - വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2010-ലെ കേരള പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം രൂപീകൃതമായിട്ടുള്ള ആശുപത്രി വികസന ഫണ്ടിന്റെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിനായി

സമർപ്പിച്ചിട്ടില്ല. മേൽ പറഞ്ഞ ചട്ടത്തിലെ ചട്ടം 9(1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സ്സാമിനറോ, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ, ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ട് മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്തിനും നൽകേണ്ടതാണെന്നും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള സി.എച്ച്.സി മുളിയാറിന്റെ എച്ച്.എം.സിയുടെയും ബേഡഡുക്ക താലൂക്ക് ആശുപത്രിയുടെയും 2024-25 വർഷം വരെയുള്ള എച്ച്.എം.സിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആശുപത്രി വികസനഫണ്ടിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കി സമർപ്പിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാടക പിരിവ് - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥതയിലുള്ള പൊവ്വൽ എന്ന സ്ഥലത്തെ ഷോപ്പിംഗ് കോംപ്ളക്സിലെ 21 റൂമുകളും ബ്ലോക്ക് ഓഫീസ് കെട്ടിടത്തിനോടു ചേർന്നുള്ള ബിൽഡിംഗിലെ 1റൂമും കുണ്ടംകുഴിയിലുള്ള കെട്ടിടത്തിലെ 1 റൂമും ഉൾപ്പടെ ആകെ 23 റൂമുകളാണ് വാടകക്ക് നൽകി വരുന്നത്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ റൂമുകൾ കൈവശം വെച്ചിരിക്കുന്ന പല ലൈസൻസികളും വാടക അടവാക്കാതെയും ,യഥാസമയം വാടക ഒടുക്കാതെയും തുടരുന്നു. വാടക രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. റൂമുകൾ കൈവശം കൊണ്ട ലൈസൻസികളുടെ പേര് വിവരം രജിസ്റ്ററിൽ മുഴുവനായി രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. വാടകയിനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന്നു

രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തികവർഷം കുടിശ്ശിക ഈടാക്കനവശേഷിക്കുന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|
| 1 | നൻമ ഫ്ലോർ മിൽ/476 B,476 C | 2000 | 2000 |
| 2 | പവിഴം ചപ്പാത്തി യൂണിറ്റ്/12 /74D | 1000 | 3000 |
| 3 | പാണ്ടിക്കണ്ടം കർഷക സംഘം/ 307 G, 307 H | 2500 | 20000 |
| 4 | ദുർഗ്ഗ ടൈലറിംഗ് യൂണിറ്റ്/ 476 F | 2000 | 2000 |
| 5 | ടേക്ക് എ ബ്രേക്ക്<br>(02/25 മുതൽ) | 5000 | 10000 |
| 6 | ചന്ദ്രഗിരി എക്കോ ടൂറിസം/476A, 476B<br>(02/25 മുതൽ) | 5360 | 10720 |
| | ആകെ | | 47720 |

രജിസ്റ്റർ പ്രകാരം 47720/- രൂപ വാടക കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (9/08.07.25) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

2. വാർഷിക കണക്കിലെ വിവരങ്ങളും രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല

A.വാടക സംബന്ധിച്ച വാർഷിക കണക്കിലേയും രജിസ്റ്ററിലേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| | അരിയർ ഡിമാന്റ് | അരിയർ കളക്ഷൻ | തൻവർഷ ഡിമാന്റ് | തൻവർഷ കളക്ഷൻ | അരിയർ ബാലൻസ് | തൻവർഷ ബാലൻസ് |
|---|---|---|---|---|---|---|
| AFS പ്രകാരം | 127875 | 51500 | 177360 | 135000 | 76375 | 42360 |
| രജിസ്റ്റർ | 51500 | 51500 | 182720 | 135000 | 0 | 47720 |

| പ്രകാരം | | | | | | |
|---|---|---|---|---|---|---|

വാർഷിക കണക്കിലേയും രജിസ്റ്ററിലേയും വിവരങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

B. വാർഷിക കണക്ക് പ്രകാരം (RP-3) Rent From Hall ഇനത്തിൽ 9500 രൂപയുടെ വരവുണ്ട് . ഇതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഹാളിന്റെ വാടകയിനത്തിലുള്ള തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. അംഗീകൃത ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും അംഗീകൃത ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലോ ലഭ്യമാക്കാത്തതിനാൽ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ ചമയ്ക്കുന്ന നിബന്ധനകളും സർക്കാർ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെച്ച് അനുഭവിക്കുന്നവർക്കെതിരെയുള്ള നിയമ നടപടികളെ പോലും ദുർബലപ്പെടുത്തുന്നതിന് ഇത് കാരണമായേക്കാം.

4. റൂമുകൾ ഒഴിഞ്ഞുകിടക്കുന്നു

ഷോപ്പിംഗ് കോംപ്ലക്സിലെ 23 റൂമുകൾ ഉള്ളതിൽ 13 റൂമുകളാണ് വാടകക്ക് നൽകിയിരിക്കുന്നത്. ബാക്കിയുള്ള 10 റൂമുകളിൽ 2 റൂമുകളിൽ അംഗനവാടിയും 1 റൂമിൽ സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 7 റൂമുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കാനായി ഓഡിറ്റ് എൻക്വയറി (9/08.07.25) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 പി.എം.എ.വൈ. ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2024-25 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പി.എം.എ. വൈ. ഭവന നിർമ്മാണത്തിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു,

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| ക്രമ നമ്പർ | പ്രൊജക്ട് | തുക കൈപ്പറ്റിയ പഞ്ചായത്തുകളും തുകയും | | | | | | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് |
|---|---|---|---|---|---|---|---|---|---|
| | | മുളിയാർ | ബെള്ളൂർ | കാറഡുക്ക | ബേഡഡുക്ക | ദേലമ്പാടി | കുമ്പടാജെ | | |
| 1 | 64/2025ലൈഫ് പദ്ധതിക്ക് വിഹിതംനൽകൽ | 8,00,000 | - | - | 3,60,000 | - | - | 11,60,000 | 11,60,000 |
| 2 | 65/2025ലൈഫ് പദ്ധതിക്ക് വിഹിതംനൽകൽ | 8,74,000 | 2,95,037 **(UCലഭിച്ചു)** | - | 2,04,800 | - | 3,00,000 **(UCലഭിച്ചു)** | 16,73,837 | 10,78,800 |
| 3 | 66/2025ലൈഫ് പദ്ധതിക്ക് വിഹിതംനൽകൽ | 4,12,565 | 1,89,209 **(UCലഭിച്ചു)** | - | 6,00,000 | - | - | 12,01,774 | 10,12,565 |
| 4 | 149/2025ലൈഫ് പദ്ധതിക്ക് വിഹിതംനൽകൽ | - | 1,50,000 **(UCലഭിച്ചു)** | 1,60,000 | - | - | - | 3,10,000 | 1,60,000 |
| 5 | 143/2025 EPEP-ലൈഫ് പദ്ധതിക്ക് വിഹിതംനൽകൽ | | | 1,60,000 | | 1,00,000 | | 2,60,000 | 2,60,000 |
| **ആകെ** | | | | | | | | | 36,71,365 |

പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം, ബ്ലോക്ക് പഞ്ചായത്തിൻ കീഴിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ തുക കൈപ്പറ്റിയിട്ടുണ്ട്. തുകയുടെ ചെലവ് വിവരം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ബെള്ളൂർ, കുമ്പഡാജെ ഗ്രാമപഞ്ചായത്തുകളുടെത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്,

ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ഉടൻ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 36,71,365 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 പി.എം.എ.വൈ. ആവാസ് പ്ലസ് - കേന്ദ്ര വിഹിതം ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പി.എം.എ.വൈ - ജനറൽ (4/25), പി.എം.എ.വൈ.-എസ്.സി.പി.(56/25), പി.എം.എ.വൈ.-എസ്.ടി(57/25) എന്നീ പദ്ധതികൾക്കായി കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും ചെലവഴിച്ച 2,19,36,000 രൂപ സ്ഥാപനത്തിന്റെ വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്യാതെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പി.എഫ്.എം.എസ്. മുഖേന അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ചെലവഴിച്ച തുക പൂർണ്ണമായി സുലേഖയിലെ ചെലവു പത്രികയിലും, വാർഷിക കണക്കുകളിലും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25-ലെ ആകെ പദ്ധതി ചെലവിൽ അത്രയും തുക കുറവ് രേഖപ്പെടുത്താൻ ഇടയായി. പ്രസ്തുത തുകകൾ എപ്രകാരം ക്രമീകരിക്കാൻ കഴിയുമെന്ന് ഐ.കെ.എം.-ന്റെ കൂടെ സഹായത്തോടെ പരിശോധന നടത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതും പദ്ധതി രൂപീകരണത്തിലും ഫണ്ട് വകയിരുത്തുന്നതിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-13 തനത് ഫണ്ട്-ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പഞ്ചായത്ത് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും 2024-25 വർഷം ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ചെക്ക് നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | SBXY0489726/ തീ.09-08-2024 | സംഭാവന-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി | 10,00,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| 2 | SBXY0489761/ തീ.30-01-2025 | സംഭാവന- തദ്ദേശ ദിനാഘോഷം | 70,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| ആകെ | | | 10,70,000രൂപ | |

തുക കൈപ്പറ്റിയതിന്റെ രശീതി ലഭിച്ചിട്ടില്ലെന്ന് ഫയൽ രേഖകൾ ഹാജരാക്കാക്കിയത് പരിശോധനയിൽ ബോധ്യപ്പെട്ടു. തുക കൈപ്പറ്റിയതിന്റെ രശീതിയോ അല്ലെങ്കിൽ അനുബന്ധ രേഖകളോ ഹാജരാക്കുന്നത് വരെ 10,70,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

28.05.2022 ലെ സ.ഉ.(കൈ)നം. 115/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നം.7.2.13 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ 800 ചതുരശ്ര അടിയിൽ കൂടുതൽ ഇല്ലാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടിയിൽ കൂടാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ് ധനസഹായ തുക 2 ലക്ഷം രൂപ. സ. ഉ (സാധാ) 738/23/തസ്വഭവ തീ. 28.03.2023, സ. ഉ (സാധാ) 1877/2023/ തസ്വഭവ തീ. 21.09.2023 എന്നീ ഉത്തരവുകൾ പ്രകാരം മുൻകൂറായി 30000/- രൂപ, ബേസ് മെന്റ് പൂർത്തിയാകുമ്പോൾ 60000 രൂപ , മേൽക്കൂര പൂർത്തിയാകുമ്പോൾ 80000/- രൂപ, പ്ലാസ്റ്ററിംഗ് വൈറ്റ് വാഷ് ഉടങ്ങിയവ പൂർത്തിയാകുമ്പോൾ 30000/- രൂപ എന്നിങ്ങനെ 4 ഗഡുക്കളായാണ് നിലവിൽ തുക വിതരണം ചെയ്യുന്നത്.

പട്ടികജാതി വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൽ താഴെ ചേർത്തിരിക്കുന്ന 2 പദ്ധതികളിലായി പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. അതിൽ നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.

| | | |
|---|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (5/2025) | |
| അടങ്കൽ | 1400000/- | |
| ചെലവഴിച്ച തുക | 1030000 | BRN – 24200163009301333251/15.02.25 - 210000 |
| | | BRN – 24200163009301440408/06.03.25 - 60000 |
| | | BRN – 24200163009301458586/06.03.25 - 60000 |
| | | BRN – 24200163009301521755/13.03.25 - 120000 |
| | | BRN – 24200163009301521763/13.03.25 - 60000 |
| | | BRN – 24200163009301560244/17.03.25 - 60000 |
| | | BRN – 24200163009301576109/18.03.25 - 160000 |
| | | BRN – 24200163009301586318/19.03.25 - 160000 |
| | | BRN – 24200163009301697229/25.03.25 - 80000 |
| | | BRN – 24200163009301507243/12.03.25 - 60000 |
| ഫണ്ട് | വികസനഫണ്ട് - എസ് സി പി | |

മേൽ പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിൽ 1 ഗുണഭോക്താവ് മാത്രമാണ് പണി പൂർത്തീകരിച്ചിരിക്കുന്നത്. ബാക്കി 6 പേർ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | പേര്, മേൽവിലാസം. | നാളിതു വരെ കൈപ്പറ്റിയ തുക. |
|---|---|---|
| 1 | യോഗേഷ് എസ് , S/O രവിചന്ദ്ര<br>ശാന്തിമല ഹൗസ്<br>ദേലംപാടി | 170000 |
| 2 | വിഷ്ണു പ്രസാദ് കെ , S/O പുഷ്പ പി<br>വടക്കേക്കര ഹൗസ്<br>കാനത്തൂർ | 90000 |
| 3 | നന്ദന എം , D/O സതീഷ്കുമാർ<br>മുക്കൂർ ഹൗസ്<br>കുമ്പടാജെ | 170000 |
| 4 | ജ്യോതി , D/O ഗുലാബി<br>ചിർത്തൊട്ടി ഹൗസ്<br>ആദൂർ | 170000 |

| | | |
|---|---|---|
| 5 | സുചിത്ര , D/O കരിയ<br>ബന്ദ്രാണെ ഹൗസ്<br>ബെള്ളൂർ | 170000 |
| 6 | രേഷ്മ, D/O മാധവൻ<br>കാനത്തിൽ ഹൗസ്<br>ബേഡഡുക്ക | 170000 |

2.

| | | |
|---|---|---|
| പ്രോജക്റ്റ് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (SO 108/2025) | |
| അടങ്കൽ | 610000/- | |
| ചെലവഴിച്ച തുക | 550000 | BRN – 24200163009300273472/12.06.24 - 400000 |
| | | BRN – 24200163009300695231/23.09.24 - 30000 |
| | | BRN – 24200163009301012324/11.12.24 - 30000 |
| | | BRN – 24200163009301012360/11.12.24 - 30000 |
| | | BRN – 24200163009301164782/09.01.25 - 30000 |
| | | BRN – 24200163009301587349/19.03.25 - 30000 |
| ഫണ്ട് | വികസനഫണ്ട് - എസ് സി പി | |

2023 – 24 സാമ്പത്തിക വർഷത്തിൽ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത 7 പേർക്ക് മേൽ പദ്ധതി പ്രകാരം ആനുകൂല്യ അനുവദിച്ചിട്ടുണ്ട്. അതിൽ 2 പേർ നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | പേര്, മേൽവിലാസം. | നാളിതു വരെ കൈപ്പറ്റിയ തുക. |
|---|---|---|
| 1 | ശരണ്യ എം , D/O ഗോവിന്ദൻ<br>മുതലപ്പാറ ഹൗസ്<br>ബോവിക്കാനം | 170000 |
| 2 | പ്രദീപ് കെ , S/O ലക്ഷ്മി<br>കുണ്ടടുക്കം ഹൗസ്<br>കാററുക്ക | 170000 |

മേൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനായി ഓഡിറ്റ് എൻക്വയറി (4/03.07.2025) നൽകിയിരുന്നതിന് ക്രമ നം 1 പ്രകാരമുള്ള ഗുണഭോക്താക്കളെ അംഗീകരിച്ച് ലഭിക്കാൻ കാലതാമസം വന്നതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ആദ്യ ഗഡു അനുവദിച്ചിട്ടുള്ളതെന്നും ആദ്യ ഗഡു ലഭിച്ച് തറ നിർമ്മാണം പൂർത്തിയായാൽ മാത്രമേ പിന്നീട്ടുള്ള ഗഡുക്കൾ അനുവദിക്കാൻ സാധിക്കുകയുള്ളുവെന്നും ക്രമ നം 2 പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡു വരെ അനുവദിച്ചിട്ടുള്ളതാണെന്നും പഠനമുറി പൂർത്തീകരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും പൂർത്തികരിക്കാത്ത പക്ഷം തുക മുഴുവൻ തിരിച്ച് അടവാക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. പഠനമുറി രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആനുകൂല്യം അനുവദിച്ച താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താവ് നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം | പേര്, മേൽവിലാസം. | തീയതി/ കൈപ്പറ്റിയ തുക. |
|---|---|---|

| | | |
|---|---|---|
| 5 | സനത്ത് ബാബു , S/O വാസന്തി | 25.01.2022 - 50000 |
| | | 03.03.02022 - 75000 |
| | | ആകെ തുക - 125000 |

മേൽ ഗുണഭോക്താവ് 03.03.2022 ന് 75000/- രൂപ കൈപ്പറ്റിയതിനു ശേഷം മൂന്ന് വർഷം കഴിഞ്ഞിട്ടും പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (5/04.07.2025) നൽകിയതിന് അവസാന ഗഡുവായ 75000/- രൂപ അനുവദിക്കണമെങ്കിൽ പണി പൂർത്തീകരിച്ച് അസി എഞ്ചിനീയറുടെ വാല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടെന്നും ടിയാൾ നിർമ്മാണം നാളിതു വരെയായിട്ടും പൂർത്തീകരിക്കാത്തതിനാൽ നിരവധി തവണ നോട്ടീസ് നൽകിയിട്ടും അനുവദിച്ച തുക തിരികെ അടവാക്കിയിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

**1-15 കേരളോത്സവം അധികം ചെലവഴിച്ച 75,940 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകളും.**

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം 2024-25 വർഷത്തെ കേരളോത്സവത്തിന് തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേരും പ്രൊജക്റ്റ് നമ്പറും | കേരളോത്സവം, പ്രോജക്റ്റ് നം. 82/25 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,50,000 |
| ചെലവ് | 1,25,940 (തനത് ഫണ്ട്-പദ്ധതി ചെലവ്) +<br>1,00,000 –SBXY 0489751/തീ.7.12.2024(own Fund) |

2024-25 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിന്റെ ഭാഗമായി വിവിധ വേദികളിൽ നടന്ന കേരളോത്സവത്തിന്റെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(സാധാ) നം 2151/2024/LSGD തിയ്യതി 11.11.2024 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കേരളോത്സവത്തിന് ചെലവഴിക്കാവുന്ന പരാമാവധി തുക 1,50,000/-രൂപയാണ്. എന്നാൽ 2,25,940/- രൂപ ചെലവഴിച്ചിട്ടുണ്ട് .

2.ഹാജരാക്കിയ രേഖകൾ പ്രകാരം കേരളോത്സവത്തിന്റെ നടത്തിപ്പിനായി AFS പ്രകാരം ആകെ 2,90,440/-രൂപ (Schedule: I-11(b) Administrative Expenditures-Expenditure Head-220800101-Keralolsavam) ചെലവഴിച്ചിട്ടുണ്ട്. ചെലവു പത്രിക പ്രകാരം 1,25,940/-രൂപ തനത് ഫണ്ടിൽ നിന്നും കേരളോത്സവത്തിന് ചെലവായതായാണ് കാണുന്നത്. 1,00,000/- രൂപ മുൻകൂറായി തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുമുണ്ട്. AFS പ്രകാരവും ചെലവു പത്രിക പ്രകാരവും ചെലവിൽ 64,500രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

3 മേൽ സർക്കാർ ഉത്തരവിൽ വരവ് ചെലവ് കണക്കുകളും കൗൺസിൽ അംഗീകരിച്ച പ്രസ്ഥാവനകളും ധനവിനിയോഗ സാക്ഷ്യപത്രവും കേരള സംസ്ഥാന യുവജന ബോർഡിൽ നല്കണമെന്ന് പറയുന്നുണ്ട്. എന്നാൽ കണക്കുകൾ സമർപ്പിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ അധികം ചെലവഴിച്ച 75,940 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-16 സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റലിന് ബ്ലോക്ക് വിഹിതം നൽകൽ – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം/പേര് | 156/2025 സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റൽ നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹3,00,000 (വികസന ഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | ₹3,00,000 (വികസന ഫണ്ട്-പൊതു വിഭാഗം) |
| ബിൽ നമ്പർ/തീയ്യതി | 24100103007400808435/തീ.22.10.2024 |

സി എച്ച് ആർ ഡി കൊട്ടാരക്കര വനിതാ ഹോസ്റ്റൽ നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ എന്ന പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 3,00,000രൂപ കില ഡയറക്ടറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 39315023581 അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിനായി കില സി എച്ച് ആർ ഡി ഡയറക്ടർക്ക് കത്ത് നൽകിയെങ്കിലും ഇതുവരെ വിനിയോഗസാക്ഷ്യ പത്രം ലഭ്യമായിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-17 ഐ കെ എം ന് വിഹിതം നൽകൽ - 58,083/- രൂപ തടസ്സപ്പെടുത്തുന്നു.**

2024-25 വർഷത്തെ ബ്ലോക്ക് വിഹിതം ഐകെഎമ്മിന് ചുവടെ ചേർക്കും വിധം നൽകിയിട്ടുണ്ട്,

| നിർവ്വഹണം | പ്രോ നം | പദ്ധതി | സ്ഥാപനം | ബിൽനമ്പർ | തുക | ഫണ്ടിനം | ലഭ്യമാക്കേണ്ടരേഖ |
|---|---|---|---|---|---|---|---|
| സെക്രട്ടറി | S0085/25 | IKMവിഹിതം നൽകൽ | IKM | 24200163007400452200/തീ.24.7.24 | 58,083 | വികസന ഫണ്ട്. | വിനിയോഗ സാക്ഷ്യപത്രം |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹58,083 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 58,083 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-18 വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല-2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/ പേര് | 196/25-വൃത്തി-2025-ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹2,00,000-വികസന ഫണ്ട് |
| ചെലവ് & ബില്ല് നം | ₹2,00,000-വികസന ഫണ്ട്<br>(BRN No. 242001000000033924/തീ. 25.03.2025) |

സംസ്ഥാനത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള

നേട്ടങ്ങളെയെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2025 സംഘടിപ്പിച്ച 'വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ്" എന്ന മെഗാ ഇവന്റിന്റെ സംഘാടന ചെലവിലേക്കായി സ.ഉ. (സാധാ) നം.645/2025/LSGD തീയതി: 07-03-2025 പ്രകാരം ബ്ലോക്ക്പഞ്ചായത്ത് 2,00,000 രൂപ ശുചിത്വ മിഷന്റെ അക്കൗണ്ടിലേക്ക് (A/C No. 004610400027229 2) കൈമാറിയിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നുള്ള ആയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഹെൽത്ത് ഗ്രാന്റ് - അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 2021-22മുതൽ 2024-25വരെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുക, വിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | ഗ്രാന്റ് | ബാങ്ക് പലിശ | ആകെ |
|---|---|---|---|
| 2021-22 | - | - | - |
| 2022-23 | 2550000 | 56449 | 2606449 |
| 2023-24 | - | 43889 | 43889 |
| 2024-25 | 2895000 | 9472 | 2904472 |
| ആകെ | 5445000 | 109810 | 5554810 |

2) ഹെൽത്ത് ഗ്രാന്റ് ചെലവ് തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | 380622 | - | 380622 |

| | | | | |
|---|---|---|---|---|
| 2023-24 | - | 1616177 | - | 1616177 |
| 2024-25 | - | - | - | - |
| ആകെ | - | 1996799 | - | 1996799 |

3) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റിലേക്ക് ഉപകരണങ്ങളും ഫർണിച്ചറും വാങ്ങൽ | 380622 |
| 2023-24 | മുളിയാർ സി എച്ച് സി യിലെ ലാബ് നവീകരണം | 349863 |
| 2023-24 | മുളിയാർ സിഎച്ച്സി യിൽ പബ്ലിക് ഹെൽത്ത് ലാബിന് വേണ്ടി കെട്ടിടം റെനോവേഷൻ | 964664 |
| 2023-24 | ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റിലേക്ക് ഉപകരണങ്ങളും ഫർണിച്ചറും വാങ്ങൽ -സിഎച്ച് സി മുളിയാർ | 19378 |
| 2023-24 | മുളിയാർ സിഎച്ച് സിയിൽ പബ്ലിക് ഹെൽത്ത് ലാബ് വൈദ്യുതീകരണം | 282272 |
| | ആകെ | 1996799 |

4) മുളിയാർ സി എച്ച് സി യിൽ പബ്ലിക് ഹെൽത്ത് ലാബ് ഉപകരണങ്ങളും ഫർണിച്ചറുകളും കമ്പ്യൂട്ടറുകളും വാങ്ങിട്ടുണ്ട്.

5) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളിൽ മുളിയാർ സി എച്ച് സി പബ്ലിക് ഹെൽത്ത് ലാബ് നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്.

6) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 3558010/- രൂപ നീക്കിയിരിപ്പുണ്ട്.

7)ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ തിരിച്ചടക്കുകയോ NHM/ HMC കൾക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.1/03.07.2025

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്) യുടെ വിഹിതം അടവാക്കുന്നതുമായി ബന്ധപ്പെട്ട് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ റഗുലർ ജീവനക്കാരുടെ വിശദവിവരങ്ങൾ

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 34 | 1,60,500 | 1,60,500 | 0 | - |

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 06/2024 | 4,500 | 4,500 | 0 | - |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | - | - | - | - |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 01 | 02/2025 | 1,000 | 1,000 | 0 | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയതി |
|---|---|---|
| 2024-25 | 07.07.2025 | ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1 , അനുബന്ധം 1 എന്നിവയിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് &നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2023-24 | 6805000 | 4/25 പി.എം.എ.വൈ ജനറൽ 2024-25 | 6805000 | 0 |
| | | 1919200 | 57/25 പി.എം.എ.വൈ പട്ടികവർഗ്ഗം 2024-25 | 1919200 | 0 |
| | | 794675 | 56/25 പി.എം.എ.വൈ പട്ടിജാതി 2024-25 | 794675 | |
| | | 394880 | 68/25 ഡയാലിസിസ് യൂണിറ്റ് സി.എച്ച്.സി മുളിയാർ | 394880 | 0 |
| | ആകെ തുക | 9913755 | ആകെ തുക | 9913755 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 5095000 | 57/25 പി.എം.എ.വൈ പട്ടികവർഗ്ഗം 2024-25 | 5095000 | 0 |
| | | 882000 | 56/25 പി.എം.എ.വൈ പട്ടികജാതി 2024-25 | 882000 | 0 |
| | | 9898000 | 4/25 പി.എം.എ.വൈ ജനറൽ 2024-25 | 9898000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 967454 | 68/25 ഡയാലിസിസ് യൂണിറ്റ് സി.എച്ച്.സി മുളിയാർ | 967454 | 0 |
| | | 199753 | 59/25 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സി.എച്ച്.സി മുളിയാർ | 199753 | 0 |
| | | 200000 | 1/2025 സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റ് | 200000 | 0 |
| | | 2000000 | 117/25 ആർ ആർ എഫ് കേന്ദ്രം നിർമ്മാണം | 2000000 | 0 |
| ആകെ തുക | | 19242207 | ആകെ തുക | 19242207 | 0 |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഇല്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-6 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-10 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,39,87,175 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,11,21,742 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 63,09,634 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| | -ഇല്ല- | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 46,05,611 | ശ്രീമതി.മൃദുല കെ,സെക്രട്ടറി |
| 1-13 | 10,00,000 | ശ്രീമതി.മൃദുല കെ,സെക്രട്ടറി |
| | 70,000 | ശ്രീ.മജീദ് എൻ എ,സെക്രട്ടറി ഇൻ ചാർജ് |
| 1-15 | 75,940 | ശ്രീമതി.മൃദുല കെ,സെക്രട്ടറി |
| 1-16 | 3,00,000 | ശ്രീമതി.മൃദുല കെ,സെക്രട്ടറി |
| 1-17 | 58,083 | ശ്രീമതി.മൃദുല കെ,സെക്രട്ടറി |
| 1-18 | 2,00,000 | ശ്രീ.മജീദ് എൻ എ,സെക്രട്ടറി ഇൻ ചാർജ് |
| **ആകെ തുക** | 63,09,634 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11 & 2011-12 | എൽ.എഫ്.കെ.എസ്.ഡി-8/124/2013 തീ. 10/05/2013 | 5 (ഖ. 3-2, 3-3 (5)&(6), 3-4, 3-5(a)(3), 3-6(b) |
| 2014-15 & 2015-16 | കെ.എസ്.എ-കെ.എസ്.ഡി4/1035/2016 തീ. 16.12.2016 | 2 (ഖ. 3-11, 3-12 ) |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി7/1169/2017 തീ. 15-11-2017 | 6 (ഖ.2-1, 3-2, 3-3, 3-4, 3-6, 3-9 ) |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി7/198/2019 തീ. 06-03-2019 | 11 (ഖ. 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 ) |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി7/176/2020 തീ.09-03-2020 | 11<br>(ഖ. 1-8, 1-10, 1-11, 1-12, 1-14, 1-16, 1-17, 1-18, 1-20, 1-21, 1-22 ) |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി7/112/2022 തീ. 23-03-2022 | 7<br>(ഖ. 1-2-3, 1-11, 1-12, 1-14, 1-16, 1-18, 1-19 |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി7/113/2022 തീ. 23-03-2022 | 9<br>(ഖ. 1-2-4, 1-11, 1-12, 1-15, 1-16, 1-17, 1-18, 1-19, 1-20 ) |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി-7/261/2023, തീ.10/5/2023 | 24<br>(ഖ. 1-2-1, 1-2-2, 1-2-3, 1-2-4, 1-2-5, 1-2-6, 1-2-7, 1-2-8, 1-4, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 3-1 ) |
| 2022-23 | കെ.എസ്.എ-കെ.എസ്.ഡി-7/736/2023,തീ.25/10/2023 | 21<br>(ഖ. 1-1-1, 1-1-2, 1-1-3, 1-1-4, 1-1-5, 1-1-6, 1-1-7, 1-1-8, 1-1-9, 1-1-10, 1-1-11, 1-1-12, 1-1-13, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15 ) |
| 2023-24 | കെ.എസ്.എ-കെ.എസ്.ഡി-7/944/2024,തീ.9/12/2024 | 24<br>(ഖ. 1-1-1, 1-1-2, 1-1-3, 1-1-4, 1-1-5, 1-1-6, 1-1-7, 1-1-8, 1-1-9, 1-1-10, 1-1-11, 1-8, 1-9, 1-10, 1-11, 1-12, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 4-10 ) |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1)/25 dated 4(1)/25 dated 04-06-2025 and submitted on 06-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Karaduka Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karaduka Block Panchayat as on 31-03-2025

**Date: 17/09/2025** **Senior Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Karaduka Block Panchayat for the Year 2024-2025.**

### 1.Major Observations

Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Panchayat. Hence the accuracy of the assets reflected in the Balance Sheet could not be commented upon.

## 2.Other Observations

1) Notes on accounts including significant accounting policies, contingent liabilities, financing reports and other disclosures etc., as per Rule 62 (e) of Kerala Panchayath Raj Accounts Rules 2011, are not prepared and included with the financial statements.
b) Basic ratios as per rule 62 (f) of Kerala Panchayath Raj Accounts Rules 2011 are not included.
c) Under Rule 62 (3) of the Kerala Panchayat Raj Accounts Rules, 2011, it is stipulated that the comparative amounts of the previous year should be recorded in the financial statements. But the rule has not been complied with.
2) The descrepancies which are being repeated over the years such as erroneous carrying over of the net surplus as per the Income and Expenditure to the Panchayat Fund (general) in the Balance Sheet and the defect in the cash flow statement (mismsatch of net cash generated and the cash generated by financing, investing and operating activities have not been rectified.

3) The income and Expenditure under central fund in IAY/PMAY scheme to the extent of Rs.2,19,36,000 have not been recorded in the AFS.

4) The closing balance of the contributions for joint venture projects as per Schedule B4 of the Balance Sheet is not in agreement with the closing Balance in the Joint Venture treasury Account as per Schedule B-17 of the Balance Sheet as on 31.03.2025.

5) Register of Deposits and register of Advances maintained by the Block Panchayat were found to be not reliable for Audit as they have not been properly maintained.

6) The details of some assets and liabilities as per the balance sheet as on 31.03.2025 of the Block Panchayat were not made available to Audit.

7) The passbooks or Bank Statements of 24 bank/treasury accounts which shows Zero balance as per Schedule RP40(b) of the Receipts and Payments were not produced to Audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Karaduka Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 186860.00 |
| 140000000 | Fee & User Charges | I-4(b) | 3754.00 |
| 150000000 | Sale & Hire Charges | I-5(b) | 12152.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 91624569.00 |
| 171000000 | Interest Earned | I-8 | 52462.00 |
| 180000000 | Other Income | I-9 | 2380.00 |
| | Total Income | | 91882177.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2803793.00 |
| 220000000 | Administrative Expenses | I-11(b) | 1519087.00 |
| 230000000 | Operations & Maintenance | I-12(b) | 411559.00 |
| 240000000 | Interest & Finance Charges | I-13 | 9908.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6389569.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 60279296.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12097644.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 715067.00 |
| 255000000 | Maintenance Projects | I-14(e) | 5354010.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| | Total Expenditure | | 90579933.00 |
| | Gross Surplus / Deficit of income over Expenditure | | 1302244.00 |
| | Gross Surplus / Deficit of income over Expenditure | | 1302244.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Senior Deputy Director

District Audit Office, Kasaragod

Kerala State Audit Department.

## അനുബന്ധം - 4

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Karaduka Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24895327.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 11500.00 |
| 140000000 | Fees & User Charges | RP-4 | 1650.00 |
| 150000000 | Sale & Hire Charges | RP-5 | 12152.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 86449801.00 |
| 171000000 | Interest Earned | RP-9 | 52462.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22223565.00 |
| 350000000 | Other Liabilities | RP-36 | 83213.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2380.00 |
| 340000000 | Deposits Received | RP-34 | 152327.00 |
| 350000000 | Other Liabilities | RP-36 | 11758.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4986349.00 |
| 460000000 | Loans, Advances and Deposits | RP-47 | 18.00 |
| | Grand total | | 138882502.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2800509.00 |
| 220000000 | Administrative Expenses | RP-12 | 1203233.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 339559.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5640169.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 54593589.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 56640.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 715067.00 |
| 255000000 | Maintenance Projects | RP-20 | 5354010.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7360.00 |
| 350000000 | Other Liabilities | RP-36 | 11811842.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 9908.00 |
| 340000000 | Deposits Received | RP-34 | 40928.00 |
| 350000000 | Other Liabilities | RP-36 | 503535.00 |
| 410000000 | Fixed Assets | RP-38 | 5543653.00 |
| 412000000 | Capital work in Progress | RP-40 | 6075331.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3999888.00 |
| 460000000 | Loans, Advances and Deposits | RP-47 | 1426521.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 37760760.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 138882502.00 |

Senior Deputy Director
District Audit Office, Kasaragod
Kerala State Audit Department.

## അനുബന്ധം -5

## ബാലൻസ് ഷീറ്റ്

| Karaduka Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 10514344.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 46556126.00 |
| | Total Reserve & Surplus | | 57070470.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 35367260.00 |
| | Total Grants, Contributions for Specific Purposes | | 35367260.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 394304.00 |
| 350000000 | Other Liabilities | B-9 | 11842691.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 12236995.00 |
| | TOTAL LIABILITIES | | 104674725.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 84722251.00 |
| 411000000 | Accumulated Depreciation | B-11 | -34163728.00 |
| 412000000 | Capital Work in Progress | B-11(a) | 1861300.00 |
| | Total Fixed Assets | | 52419823.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 11665739.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 37760760.00 |
| 460000000 | Loans, Advances and Deposits | B-18 | 2828403.00 |
| | Total Current Assets, Loans and Advances | | 52254902.00 |

Senior Deputy Director
District Audit Office, Kasaragod
Kerala State Audit Department.